യക്ഷഗാന ആസ്ഥാന മന്ദിര നിർമ്മാണം

44 (7341) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിലെ മുജുംകാവിൽ യക്ഷഗാന കുലപതി പാർത്ഥിസുബ്ബയുടെ പേരിൽ ഒരു യക്ഷഗാന ആസ്ഥാന മന്ദിരം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക എത്രയായിരുന്നു ; ഇതിനുള്ള തുക എവിടെ നിന്നൊക്കെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് പ്രത്യേകം വിശദമാക്കാമോ ;

(സി) ഈ സ്മാരക മന്ദിരത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും നിർമ്മാണ പുരോഗതി ഏതുവരെയായെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തുക 44,50,000 രൂപ

1. കേരള ബജറ്റ് 2009-10	19,99,000	രൂപ
2. ശ്രീ. സൈമൺ ബ്രിട്ടോ 15,00,000 രൂപ (നോമിനേറ്റഡ് എം.എൽ.എ. വിഹിതം)		
3. ശ്രീ. സി.എച്ച്. കുഞ്ഞമ്പു മഞ്ചേശ്വരം (മുൻ എം.എൽ.എ. വിഹിതം)	15,00,000	രൂപ
ആകെ	44,99,000	രൂപ

(സി) മന്ദിരം പ്രവൃത്തി ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്പോൾ കാസർഗോഡ് ബ്ലോക്കിലെ അസിസ്റ്റന്റ് എഞ്ചിനീയറാണ് പ്രവൃത്തിയുടെ സൂപ്പർവിഷൻ നടത്തുന്നത്. 26-7-2013-ന് ശ്രീ. പി. ബി. അബ്ദുൾ റസാഖ് എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽചേർന്ന യോഗത്തിൽ ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയറോട് ഇതുവരെയുള്ള പ്രവൃത്തിയുടെ വിലയിരുത്തൽ തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly